# ST MATHEWS HIGH SCHOOL

## KANNANKARA

KANNANKARA.P.O, THANNEERMUKKOM, ALAPPUZHA DIST,688527

Email: 34015alappuzha@gmail.com

School Code: **34015**

# ACADEMIC MASTER PLAN
# 2025-2026

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെക്കുറിച്ചുള്ള അധ്യാപകരുടെ ധാരണ വർധിപ്പിക്കുക. | വിദ്യാർത്ഥികളുടെ ചുറ്റുപാടുകളെക്കുറിച്ച് (സാമ്പത്തിക സാമൂഹിക ഭൗതികം) വിശ്വസനീയമായ രീതിയിൽ വിവരശേഖരണം നടത്തുന്നു. | അക്കാദമിക വർഷത്തിന്റെ ആദ്യഭാഗം | സഹ അധ്യാപകരുടെ സഹായത്തോടെ ക്ലാസ് അധ്യാപകർ | |
| 2) സവിശേഷ കഴിവുള്ള കുട്ടികളുടെ സർഗ്ഗ ശേഷികൾ വികസിപ്പിച്ച് ദേശീയ അന്തർദേശീയ തലത്തിലേക്ക് ഉയർത്തൽ | ഓരോ യൂണിറ്റിന്റേയും അവസാനത്തിൽ മൂല്യ നിർണ്ണയം നടത്തുന്നു. സിവിൽ സർവ്വീസ്, കരിയർ ഗൈഡൻസ്, വ്യക്തിത്വ വികസനം എന്നീ പരിശീലന കോഴ്സുകളിലൂടെ ഭാവിസാധ്യതകൾ പഠിതാക്കൾക്ക് തുറന്ന് കൊടുക്കുന്നു. | അക്കാദമിക വർഷം | പ്രധാന അധ്യാപിക-അധ്യാപകർ | പി.ടി.എ., പൂർവ്വ വിദ്യാർത്ഥി സംഘടന |
| 3) പ്രത്യേക പരിഗണന അർഹിക്കുന്ന പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠന നിലവാരം ഉയർത്തൽ | നിരന്തര മൂല്യനിർണ്ണയം നടത്തി പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. | അക്കാദമിക വർഷം | വിഷയ അധ്യാപകർ | |
| | ഐക്യുടെസ്റ്റ് നടത്തി കുട്ടികളുടെ ഭൗതിക നിലവാരം കണ്ടെത്തുന്നു. കുട്ടിക ളിൽ ആത്മവിശ്വാസവും ആത്മ ധൈര്യവും പകർന്ന് കൊടുക്കുന്നതി നുള്ള സമീപന രീതി. | ജൂൺ, ജൂലായ് മാസങ്ങൾ | ക്ലാസ് അധ്യാപകരും റിസോർസ് അധ്യാപകരും | പി.ടി.എ |
| 4) കുട്ടികളിൽ എന്ത് സംഭവിക്കുന്നു എന്ന് രക്ഷിതാക്കളെ ബോധവത്കരിക്കുന്നു. (സ്വഭാവ രൂപീകരണം, പഠനമേഖല) | നിലവിലുള്ള സാമൂഹിക ചുറ്റുപാടുകളെക്കുറിച്ചുള്ള അവബോധം രക്ഷിതാക്കൾക്ക് ക്ലാസ് നൽകുന്നു. (ചൈൽഡ് ലൈൻ) നവമാധ്യമങ്ങളുടെ തള്ളിക്കയറ്റം (ടിവി, മൊബൈൽ, ഇന്റർനെറ്റ് ഗെയിമുകൾ വാട്സ് ആപ്, ഫെയ്സ് ബുക്ക് എന്നിവയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് രക്ഷിതാക്കളെ ബോധവത്ക്കരിക്കുന്നു) | അക്കാദമിക വർഷത്തിൽ രണ്ടുപ്രാവശ്യം | ഹെഡ്മിസ്ട്രസ്, ചൈൽഡ് ലൈൻ | പി.ടി.എ |

# മേഖല - ഹൈസ്കൂൾ മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | • പ്രീ ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• വാക്കുകൾ നിർമ്മിക്കുക.<br>• വാക്യങ്ങൾ നിർമ്മിക്കുക.<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്. | 2 മാസം ജൂൺ ജൂലൈ | പുസ്തകങ്ങൾ ചിത്രങ്ങൾ | ഭാഷ അധ്യാപകർ പി. ടി. എ |
| 2) ഭാഷയുടെ അടിസ്ഥാന ശേഷികൾ വികസിപ്പിക്കുക. പദസമ്പത്ത് വളർത്താനും ആശയ സംവേദനം നടത്താനും കുട്ടികളെ പ്രാപ്തരാക്കുക. | • അക്ഷരങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ച് പുതിയ വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക.<br>• ആവർത്തന സ്വഭാവം ഉൾക്കൊള്ളുന്ന വരികൾ ഉച്ചരിച്ച് കുട്ടികളിൽ അക്ഷരശുദ്ധി വളർത്തുക.<br>• കുട്ടികളോട് ചെറിയ വ്യവഹാരരൂപങ്ങൾ സ്വയം തയ്യാറാക്കി അവതരിപ്പിക്കാൻ ആവശ്യപ്പെടുക. | 2 മാസം ജൂലൈ | | ഭാഷ അധ്യാപകർ പി. ടി. എ. |

| | | | | |
|---|---|---|---|---|
| 3) അർത്ഥപൂർണ്ണമായ വായന നടത്താൻ കുട്ടികളെ പ്രാപ്തരാക്കുക. | • സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>• പുസ്തക ചർച്ച സംഘടിപ്പിക്കുക<br>• വായനക്കുറിപ്പ് മത്സരം<br>• സ്കൂൾ അസംബ്ലിയിൽ പത്രവായന നടത്തിക്കുക.<br>• വായനാനുഭവങ്ങൾ പങ്കുവയ്ക്കൽ. | അക്കാദമിക് വർഷം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ആഴ്ചപ്പതിപ്പുകൾ | ഭാഷ അധ്യാപകർ<br>പി.ടി.എ. |
| 4) കുട്ടികളിലെ സർഗശേഷി വളർത്തിയെടുക്കുക. | • എഴുത്തുകാരന്മാരും കലാകാരന്മാരും ആയി അഭിമുഖ സംഭാഷണങ്ങളും സംവാദങ്ങളും സംഘടിപ്പിക്കുക.<br>• എഴുത്തുകൂട്ടം രൂപീകരിക്കുക.<br>• രചന മത്സരങ്ങൾ സംഘടിപ്പിക്കുക<br>• കുട്ടികളുടെ സർഗാത്മക സൃഷ്ടികളുൾപ്പെടുന്ന പതിപ്പ് തയ്യാറാക്കുക. | 4 മാസം<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ | സ്കൂൾ ലൈബ്രറി<br>സാഹിത്യ സംഘങ്ങൾ<br>ആഴ്ചപതിപ്പുകൾ | ഹെഡ്മാസ്റ്റർ<br>ഭാഷ അധ്യാപകർ<br>മലയാളം ക്ലബ്<br>പി.ടി.എ. |

| | | | | |
|---|---|---|---|---|
| 5) കുട്ടികളുടെ കലാപരമായ കഴിവുകളെ വളർത്തുകയും സദസിനെ അഭിമുഖീകരിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുക. | • ഓരോ മേഖലയുമായി ബന്ധപ്പെട്ട വിദഗ്ദരെ പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ സംഘടിപ്പിക്കുക.<br>• കുട്ടികൾക്ക് താൽപര്യമുള്ള മേഖലകളിൽ തുടർച്ചയായ പരിശീലനം നൽകുക.<br>• കുട്ടികളുടെ കലാപരിപാടികൾ അസംബ്ലിയിലും മറ്റും അവതരിപ്പിക്കാനുള്ള അവസരം നൽകുക. | അക്കാദമിക് വർഷം | ലൈബ്രറി പുസ്തകങ്ങൾ സാഹിത്യസംഘം | ഹെഡ്മാസ്റ്റർ ഭാഷ അധ്യാപകർ മലയാളം ക്ലബ് പി.ടി.എ |

## H.S ENGLISH

| | AIM | ACTIVITIES | TIME-SPAN | RESPONSIBILITY | FINANCE |
|---|---|---|---|---|---|
| 1. | Raising confidence in English speaking through communication. | * English corner in classrooms with English books.<br>* English Assembly<br>* English news/cartoon shows. | Class room activity | Teachers, PTA | School |
| 2. | Reading and writing in English. | * News reading competitions<br>* Diary entries<br>* News and thought for the day in assemblies. | Classroom activity | Teachers, Parents | School |
| 3. | English Recitation, Elocution/creative writing | * English recitation competitions<br>* English elocution competitions<br>* Book review<br>* Preparation of manuscript magazines. | Club Activity/ once a year | English club | School |

| | | | | | |
|---|---|---|---|---|---|
| 4. | Chances for expressions in English. | * Script writing<br>* conversations in English<br>* Poetry writing<br>* Picture description | classroom Activity | Teachers | school |
| 5. | Dramatization | * Skit<br>* roleplay and dramatization of scenes from English lessons and presenting in classrooms. | classroom activity | Teachers | school. |

ബാല്യ - ഹൈസ്കൂൾ

ഹിന്ദി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഹിന്ദി ഭാഷയോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നു. | വായനയ്ക്ക് പ്രാധാന്യം നൽകുന്നു. ഹിന്ദി പദാവലിയ്ക്ക് പ്രാധാന്യം നൽകുന്നു. കഥകൾ, കവിതകൾ എന്നിവ വായിക്കുവാനുള്ള അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 2. മാതൃഭാഷയെപ്പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു. | ഹിന്ദി ഭാഷ സംസാരിക്കുവാൻ പ്രോത്സാഹനം നൽകുക, പാഠഭാഗവുമായി ബന്ധപ്പെട്ട കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 3. വിവർത്തനം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | മാതൃഭാഷയിൽ ഉള്ള ഉള്ളടക്കം [illegible] രാഷ്ട്രഭാഷയിലേക്ക് വിവർത്തനം ചെയ്യാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | |

# HS - SOCIAL SCIENCE ACADEMIC MASTER PLAN

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| 1. പഠിതാക്കളിൽ ചരിത്രാവബോധം സൃഷ്ടിക്കുക. | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ video കാണിക്കുക. | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ |
| 2. ജനാധിപത്യം ഒരു ജീവിതശൈലിയായി മാറ്റിയെടുക്കുക. | ഇലക്ഷൻ, സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ് എന്നിവ സംഘടിപ്പിക്കുക. | പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങൾ | അധ്യാപകർ / കുട്ടികൾ | സ്കൂൾ |
| 3. പൗരബോധം വളർത്തുക | പൗരബോധവുമായി ബന്ധപ്പെട്ട് കുട്ടികൾ നടത്തുന്ന പ്രവർത്തനങ്ങൾ - നോട്ട് കുറിക്കുക. | വർഷം മുഴുവൻ | അധ്യാപകർ | രക്ഷിതാക്കൾ |
| 4. ഭൂപടവായന, സ്ഥലനിർണ്ണയം നടത്താൻ പഠിക്കുക | Atlas, map, Globe എന്നിവ പരിചയമാക്കുക. 'എന്റെ അറ്റ്ലസ്' നിർമ്മാണം നടത്തുക. | വർഷം മുഴുവൻ | അധ്യാപകർ | സ്കൂൾ/രക്ഷിതാക്കൾ. |
| 5. പൊതുവിജ്ഞാനം വളർത്തുക. | Social science - ആയി ബന്ധപ്പെട്ട് ക്വിസ്, ദിനാചരണങ്ങൾ, സെമിനാർ എന്നിവ സംഘടിപ്പിക്കുക. | തിരഞ്ഞെടുത്ത ദിനങ്ങൾ | അധ്യാപകർ | സ്കൂൾ |

| | | | | |
|---|---|---|---|---|
| 6. വ്യത്യസ്ത ഇനം മണ്ണ്, കാലാവസ്ഥ എന്നിവ അറിയാൻ | വ്യത്യസ്ത മേഖലകളെ കുറിച്ച് കണ്ട് കേട്ടു അവബോധം സൃഷ്ടിക്കുന്നതിന് Field trips സംഘടിപ്പിക്കുന്നു. | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ/ രക്ഷിതാക്കൾ |
| 7. മഴ, കാലാവസ്ഥകളും എന്നിവ അറിയുന്നതിന് | മഴമാപിനി പരിശോധിക്കാൻ പഠിപ്പിക്കുന്നു. ദിനം തോറും കാലാവസ്ഥ പരിശോധിക്കുന്നു. | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ |

| മേഖല<br>ലക്ഷ്യം | സയൻസ് ക്ലബ് - PHYSICS<br>പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുന്നു. ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിപ്പിക്കുന്നു. | 2025-26 | physical science teacher | പി.ടി.എ |
| 2) അന്വേഷണത്വര വർധിപ്പിക്കൽ, നേരറിവ് നേടൽ | കുട്ടികൾ നിർമ്മിച്ച മോഡലുകളുടെ പ്രദർശനം നടത്തുന്നു. | 2025-26 | സയൻസ് അധ്യാപകർ | |
| 3) നേതൃത്വ പാടവം, മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം എന്നിവ വളർത്തുക | സയൻസ് ക്ലബ് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, സയൻസ് ലാബ് ആധുനികവൽക്കരിക്കൽ | 2025-26 | സയൻസ് ക്ലബ്, സയൻസ് അധ്യാപകർ | |

| മേഖല | ഫിസിക്സ് - CHEMISTRY | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1) നേതൃത്വ പാടവം, മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം എന്നിവ വളർത്തുക. | പാഠഭാഗങ്ങൾ, തെളിവുകൾ ചാർട്ടുകളിൽ ചിത്രീകരിച്ച് ക്ലാസ്സുകളിൽ പ്രദർശനം. സയൻസ് ലാബ് ആക്ടിവിറ്റികൾ, സയൻസ് ക്ലബ് പ്രവർത്തനങ്ങൾ | 2025-26 | physical Science teacher | P.T.A |
| 2) കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘുപരീക്ഷണങ്ങൾ കുട്ടികളെ കാണിക്കുന്നു. കുട്ടികൾ നിർമ്മിച്ച മോഡലുകളുടെ പ്രദർശനം നടത്തുന്നു. | 2025-26 | സയൻസ് അധ്യാപകർ | |
| 3) നിരന്തരമായി അന്വേഷണം നടത്തുക, ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യുക. | ക്ലാസ് മുറിയിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദിയിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | 2025-26 | സയൻസ് അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

## St. Mathew's HSS Kannankara

### മേഖല - ഹൈസ്കൂൾ ജീവശാസ്ത്രം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പരിസ്ഥിതി ബോധവൽക്കരണം | • പരിസ്ഥിതി ദിനത്തിൽ മരത്തൈ നട്ടുപിടിപ്പിക്കൽ<br>• പോസ്റ്റർ മത്സരം | ജൂൺ 5 | ബയോളജി വിഭാഗം | പി.ടി.എ സയൻസ് ക്ലബ് |
| 2 | ലാബ് ഉപയോഗ നൈപുണ്യങ്ങൾ | ലാബ് സുരക്ഷാ പരിശീലനം മൈക്രോസ്കോപ്പ് പരിചയം | ജൂൺ 2ാം ആഴ്ച | ബയോളജി വിഭാഗം | സ്കൂൾ അധ്യാപകർ |
| 3 | ജൈവ വൈവിധ്യ പരിചയപ്പെടൽ | സ്കൂൾ പരിസരത്തെ സസ്യ-ജന്തു പട്ടിക തയ്യാറാക്കൽ | ജൂലൈ മുഴുവൻ | ബയോളജി വിഭാഗം സയൻസ് ക്ലബ് | പി.ടി.എ. |
| 4 | സസ്യസംരക്ഷണത്തിന് ബോധവൽക്കരണം | ഔഷധസസ്യോദ്യാന സന്ദർശനം/ഹെർബേറിയം നിർമ്മാണം + പ്രവർത്തനപത്രം | ജൂലൈ അവസാനം | ബയോളജി വിഭാഗം | പി.ടി.എ എസ്.എം.സി |
| 5 | ബയോടെക്നോളജി പരിചയം | ലാബ് വർക്ക് - ടിഷ്യു കൾച്ചർ പരിശീലനം | ഓഗസ്റ്റ് 1ാം ആഴ്ച | അതിഥി അധ്യാപകൻ | സ്ഥാപന സഹായം |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 6 | പരിസ്ഥിതി പഠനാനുഭവം | ജലാശയത്തിൽ ഫീൽഡ് സ്റ്റഡി, സാമ്പിൾ ശേഖരണം | ഓഗസ്റ്റ് അവസാനം | ബയോളജി വിഭാഗം | സയൻസ് ക്ലബ് |
| 7 | ഗവേഷണ വൈദഗ്ധ്യം വളർത്തൽ | വിദ്യാർത്ഥികൾക്ക് ചെറിയ ഗവേഷണ പദ്ധതി പോസ്റ്റർ അവതരണം | ഓഗസ്റ്റ് സെപ്റ്റംബർ | അധ്യാപകർ | പി.ടി.എ സയൻസ് ക്ലബ് |
| 8 | അറിവ് മികവ് പരീക്ഷിക്കൽ | സ്കൂൾ തല ബയോളജി ക്വിസ് + മോഡൽ പ്രദർശനം | സെപ്റ്റംബർ പകുതി | സയൻസ് ക്ലബ് | സയൻസ് ക്ലബ് പൂർവ വിദ്യാർത്ഥികൾ |
| 9 | വന്യജീവി സംരക്ഷണം | വൈൽഡ് ലൈഫ് വീക്ക്-ഡോക്യുമെന്ററി ചർച്ച, പ്രതിജ്ഞ | ഒക്ടോബർ 2-7 | ഇക്കോ ക്ലബ് | പി.ടി.എ |
| 10 | കരിയർ ബോധവൽക്കരണം | ജീവശാസ്ത്രത്തിൽ ജോലി അവസരങ്ങൾ-പ്രഭാഷണം | ഒക്ടോബർ 3ാം ആഴ്ച | കരിയർ ഗൈഡൻസ് സെൽ | എസ്.എം.സി |
| 11 | വിദ്യാർത്ഥി പ്രതിഭാ പ്രദർശനം | വർഷാന്ത്യ സയൻസ് | നവംബർ 2ാം ആഴ്ച | സയൻസ് ക്ലബ് ബയോളജി വിഭാഗം | പി.ടി.എ ജില്ലാ തല ഗ്രാന്റ് |
| 12 | പാഠഭാഗം പുനരാവർത്തനം | പിയർ ലേണിങ് ഗ്രൂപ്പ് റിവിഷൻ ക്ലാസുകൾ | ജനുവരി ഫെബ്രുവരി | ബയോളജി വിഭാഗം | സ്കൂൾ അധ്യാപന ഫണ്ട് |
| 13 | പഠന ഫലങ്ങൾ രേഖപ്പെടുത്തൽ | വിദ്യാർത്ഥികളുടെ ശാസ്ത്ര പത്രിക പ്രസിദ്ധീകരണം | മാർച്ച് | അധ്യാപക വിദ്യാർത്ഥി കമ്മിറ്റി | പി.ടി.എ |

# ഹൈസ്കൂൾ ഗണിതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1) | ഗണിതത്തിലെ വിവിധ അടിസ്ഥാന ആശയങ്ങൾ ക്രോഡീകരിക്കൽ | ദൈനംദിന ഉദാഹരണങ്ങൾ ഉപയോഗിച്ചുള്ള പഠനം | ജൂൺ ആദ്യവാരം | അധ്യാപകർ | |
| 2) | പ്രശ്നപരിഹാരശേഷിയും യുക്തി വിചാരവും വർദ്ധിപ്പിക്കുക. | ഗെയിം, പസിൽ, ചലഞ്ച്, എന്നിവ ഉപയോഗിച്ചുള്ള പഠനം | ഞായാഴ്ചകളിൽ | അധ്യാപകർ | |
| 3) | സാങ്കേതിക വിദ്യയിലൂടെ പഠനം പ്രോത്സാഹിപ്പിക്കുക | GEOGEBRA, AI, IT എന്നിവയുടെ ഉപയോഗം | മാസത്തിൽ ഒരിക്കൽ | ഐടി കോർഡിനേറ്റർ, അധ്യാപകർ | |
| 4) | പാഠപുസ്തകത്തിന് പുറത്ത് ഗണിതചിന്തനം വളർത്തുക. | ഗണിതലാബ് വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രവർത്തനം | രണ്ട് മാസത്തിൽ ഒരിക്കൽ | ഗണിത ക്ലബ് | |
| 5) | ഗ്രൂപ്പ് ലേണിംഗ് ആവിഷ്കരിക്കുക | ക്വിസ്, പോസ്റ്റർ, സെമിനാർ പസിൽ മത്സരം | 1 ദിവസം | ഗണിത ക്ലബ് | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദേശീയ ഗണിതദിനം ആചരിക്കുക | ക്വിസ്, പോസ്റ്റർ, സെമിനാർ, പതിപ്പ് മത്സരം | 1 ദിവസം | മുന്നോക്കം നിൽക്കുന്ന കുട്ടികൾ, ഗണിത ക്ലബ്ബ് | |
| പാഠ്യ പദ്ധതി, പദ്ധതി അനുസരണം പൂർത്തിയാക്കൽ | ടേം അടിസ്ഥാനത്തിൽ പാഠസൂചികയും റിവിഷനും | വർഷം മുഴുവൻ | അധ്യാപകർ | |
| രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | ടേം പരീക്ഷയ്ക്ക് ശേഷം പിടിഎ. | എല്ലാ അധ്യാപകരും | എച്ച്.എം., പി.ടി.എ, അധ്യാപകർ | |
| ഗണിതമേളകളിൽ പങ്കാളിത്തം | ഗണിതക്ലബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ഗണിത ക്ലബ് | പി.ടി.എ |
| എസ്.എസ്.എൽ.സി പരീക്ഷ തയ്യാറെടുപ്പ് | മോഡൽ പരീക്ഷ, പഴയ ചോദ്യപേപ്പർ വിശകലനം | ജനുവരി മുതൽ | അധ്യാപകർ, മുന്നോക്ക വിദ്യാർഥികൾ | |

## യു.പി. - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്ത രാക്കുക. | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺമാസം | മലയാളം അധ്യാപകർ | പി.ടി.എ. |
| | **ഭാഷകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺമാസം | മലയാളം അധ്യാപകർ | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺമാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:**<br>പത്രം, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

# യു.പി. – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | പ്രതിമാസം<br>വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്<br>മലയാളം ക്ലബ് | മലയാളം ക്ലബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം/മുഖാമുഖം:**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖസംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ടുപ്രാവശ്യം | ഹെഡ്മിസ്ട്രസ്<br>മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മശേഷി വളർത്തലും | മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ചെയ്യുന്നു. | രണ്ടു വർഷം | മലയാളം, ഐടി, അധ്യാപകർ | |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ പതിപ്പ് തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | മലയാളം ക്ലബ് |
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘുനാടകങ്ങൾ തുടങ്ങിയവ ക്ലാസ്സ് സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ.<br>സ്കൂൾ | പി.ടി.എ. |

# U.P English Academic Master Plan

Stephin Jose
UPST ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I Too Can!! വ്യത്യസ്ത നിലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| 2) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും, അനായാസം സംസാരിക്കുവാനും അവസരം നൽകുന്നു. | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കാൻ അവസരം നൽകി Reader of the Month നെ ആദരിക്കുന്നു | മാസം തോറും. | " | |
| | 2a) Follow Me If You Can ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു. | ജൂലൈ | " | |
| | b) English Speech. കുട്ടികൾക്ക് ലളിതമായ Topic കൾ നൽകി അവരെ കൊണ്ട് സംസാരിപ്പിക്കുന്നു | മാസം തോറും. | | |

| | | | | |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | a) Droplets (magazine)<br>കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ്സ് മാഗസിൻ തയ്യാറാക്കുന്നു.<br>b) New Words<br>കുട്ടികളോട് എല്ലാദിവസവും പുതിയ 5 words പഠിച്ച് ബുക്കിൽ എഴുതാൻ പറയുന്നു. മാസാവസാനം Check ചെയ്യുന്നു. | മാസം തോറും. | ഇംഗ്ലീഷ് അധ്യാപകർ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | 5, 6, 7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം നൽകുന്നു.<br>കഥപറയൽ, കഥയെഴുത്ത്<br>Role play നാടകം, സംഭാഷണം<br>Film Show | വർഷാവസാനം | | |

# यू.पी हिन्दी

| लक्ष्य | गतिविधियाँ | समय | काम | वित्तीय विश्लेषण |
|---|---|---|---|---|
| 1) कक्षा 5,6,7 में वर्णमाला को मजबूत करना। हिन्दी कक्षा 5 से शुरू होती है, इसलिए छात्रों को हिंदी पसंद करने और वर्णमाला से परिचित होने के अवसर प्रदान करें। हिन्दी सीखने में रुचि बढ़ाएं | नए शब्द समझाना, अक्षर लिखना आदि। फ्लैश कार्ड तथा उनमें हिन्दी के अक्षर समझाकर सिखाएँ। चार्ट पर अक्षर लिखकर, चित्र चिपकाकर छोटे छोटे शब्द वाक्य आदि लिखकर व दिखाकर सिखाएँ | जून से फरवरी तक | हिन्दी शिक्षकों | |
| 2) हिन्दी को बिना किसी गलती के पढ़ने का प्रयास किया जाता है। | बच्चों को पढ़ने के प्रति आकर्षित करने के लिए जैसे पुस्तक को नियमित रूप से पढ़ा और सुनाया जाएगा। अन्य हिंदी चित्र कहानियाँ नीचे सीढ़ी पर हिंदी गीतों के आन्या दिखाये गए हैं। | जून से फरवरी तक | हिन्दी शिक्षकों | |
| 3) हिन्दी बोलना: आपकी हिन्दी बोलने की क्षमता में सुधार करना है। आपको दैनिक जीवन में आवश्यक हिंदी शब्द बोलने और भाषा से परिचित होने में मदद करता है। | ज्यादातर कक्षाओं में हिंदी का इस्तेमाल किया जाएगा। उनसे छोटी छोटी बातें हिन्दी में पूछी जाएँगी। हिन्दी बोलने और किताबें अच्छी तरह पढ़ने वालों को पुरस्कार दिए जाएंगे। शिक्षक पाठ को गलत तरीके खोजने और उसे सही ढंग से पढ़ने के लिए कहता है। शिक्षक बच्चों की प्रशंसा करते हैं। | जून से फरवरी तक | | |

# യു.പി. സയൻസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | <u>ജൈവവൈവിധ്യ പാർക്ക്</u><br>പച്ചക്കറിത്തോട്ടം ശലഭോദ്യാനം കുളം തുടങ്ങിയവ ഉൾക്കൊള്ളിച്ച് ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം. | സയൻസ് ക്ലബ്ബ്. ശാസ്ത്രാധ്യാപകർ - | PTA. |
| | <u>പാതിരാമണൽ ദ്വീപ് സന്ദർശനം.</u><br>സമീപപ്രദേശത്തുള്ള ജൈവവൈവിധ്യത്തിന്റെ ഉദാഹരണമായ പാതിരാമണൽ ദ്വീപ് കുട്ടികളുമായി സന്ദർശിക്കുക. | വർഷത്തിൽ ഒന്ന്. | ശാസ്ത്ര അധ്യാപകർ. | PTA. |
| 2) ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക. | <u>Scientific skill development</u><br>വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ തനിയെ | അക്കാദമിക വർഷം. | സയൻസ് ക്ലബ്ബ്. ശാസ്ത്ര അധ്യാപകർ, | |

| | | | | |
|---|---|---|---|---|
| | ചെയ്യുന്നതിനുള്ള അവസരം കുട്ടികൾക്ക് ഒരുക്കുന്നു.<br>__Science fest__<br>കുട്ടികളുടെ വിവിധ കണ്ടെത്തലുകളുടെയെല്ലാം പ്രദർശനവും, പരീക്ഷണങ്ങളുടെ demonstration-ഉം ഉൾപ്പെടുത്തി ഒരു ദിവസത്തെ science fest സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒന്ന്. | ശാസ്ത്ര അധ്യാപകർ. സയൻസ് ക്ലബ്ബ് | PTA. |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | __വിസ്മയ യാത്ര.__<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ | |

# UP- SOCIAL SCIENCE - ACADEMIC MASTER PLAN

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | ഇന്ത്യയിലെയും കേരളത്തിലെയും നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തി Quiz നടത്തുന്നു. | വർഷാരംഭം (June) | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റുക. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോകൾ കാണിക്കുന്നു | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ |
| 3. ജനാധിപത്യ പരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു | വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | രക്ഷിതാക്കൾ |
| 4. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാൻമാരാക്കുന്നു. | വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, ഭൂകമ്പം, കൊടുങ്കാറ്റ് എന്നിവയുടെ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രത മനസിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ |

| | | | | |
|---|---|---|---|---|
| 5. സഹജീവികളോട് സദ്ഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലം സന്ദർശിച്ച് കുട്ടികൾക്ക് അവരാൽ കഴിയുന്ന സഹായം ചെയ്യാൻ അവസരം നൽകുന്നു. വിദ്യാലയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സമാഹരിച്ച സാധനങ്ങൾ ദുരന്തബാധിത പ്രദേശങ്ങൾക്ക് സഹായ ഹസ്തമേകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ / രക്ഷിതാക്കൾ |
| 6. വിവരസാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചും ഇതിനൽ പ്രവർത്തനങ്ങളെക്കുറിച്ചും, റോഡ് സുരക്ഷയെക്കുറിച്ചും കുട്ടികളെ ബോധവാൻമാരാക്കുന്നു. | നിശ്ചിത വിഷയങ്ങളെ പറ്റി സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്വിസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ |
| 7. സാമൂഹ്യശാസ്ത്ര വിഷയങ്ങളിലൂടെ കുട്ടികളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുക. | അറിവിന്റെ മാന്ത്രികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വർധിപ്പിക്കാൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ട് കണ്ടെത്തുന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ |

# UP- Mathematics - Masterplan

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1) | ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | * വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br>* ക്ലാസ്സിലെ ഗണിതത്തിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ | ഗണിത അധ്യാപകർ | |
| 2) | രസകരമായ ഗണിത ശാസ്ത്ര പഠനവും കൗതുകം ഉണർത്തുന്ന വിശ്വാസവും. | * ജിയോജിബ്രയിലൂടെ ഗണിതത്തിലെ വിവിധ രൂപങ്ങളെക്കുറിച്ചുള്ള ആശയം ഉറപ്പിക്കുന്നു<br>* വിവിധ ക്രാഫ്റ്റ് വർക്കുകളിലൂടെ [Eg:- Penstand etc] ഗണിതാശയങ്ങൾ മനസ്സിലാക്കുന്നു. | ആവശ്യാനുസരണം | ഗണിത അധ്യാപകർ | |
| 3) | ഗണിതം മധുരമാക്കൽ | * കുട്ടികളെ കൊണ്ട് വിവിധ ജ്യാമിതിയ രൂപങ്ങൾ നിർമ്മിച്ച് ക്ലാസ്സ് മുറിയിൽ ഗണിത പാർക്ക് സജ്ജമാക്കുന്നു. | ഒരു പ്രാവശ്യം | ഗണിത അധ്യാപകർ, ഗണിത ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 4) ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | * ഓരോ പാഠഭാഗത്തിലെയും ആശയങ്ങൾ IT ലാബിൽ കുട്ടികളെ കൊണ്ടുപോയി IT സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം/ ആവശ്യാനുസരണം. | ഗണിത അധ്യാപകർ | |
| 5) ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | * ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകർ വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.<br>* Puzzles, games മുതലായവയിലൂടെ ഗണിതാശയങ്ങൾ കുട്ടികളിലേക്കെത്തിക്കുന്നു. | ആവശ്യാനുസരണം രാവിലെയോ വൈകുന്നേരമോ ക്ലാസ്സ് വെക്കുന്നു. | ഗണിത അധ്യാപകർ | |
| 6) ഗണിതത്തിൽ മികച്ച കുട്ടികളുടെ കഴിവ് വർധിപ്പിക്കുന്നു. | * ഗണിതമേളകളിലും മറ്റു പരിപാടികളിലും പങ്കാളിത്തം ഉറപ്പാക്കുന്നു.<br>* ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുന്നു. | ഒരു പ്രാവശ്യം<br>ആവശ്യാനുസരണം | ഗണിത അധ്യാപകർ | |